ഉത്തരം

(എ&ബി) എരമം-കുറ്റൂർ പഞ്ചായത്തിലെ കക്കറയിൽ മാവേലി സ്റ്റോർ അനുവദിക്കുന്നതിന് തീരുമാനിച്ചിരുന്നുവെങ്കിലും പ്രസ്തുത വിഷയം കോടതിയുടെ പരിഗണനയിലായതിനാൽ നടപ്പാക്കാനായില്ല.

(സി&ഡി) വെള്ളോറയിൽ മാവേലി സ്റ്റോർ അനുവദിക്കണമെന്ന പ്രൊപ്പോസൽ പരിശോധിച്ചു വരുന്നു.

സബ്സിഡി ഇനത്തിൽ വിതരണം ചെയ്യുന്ന വസ്തുക്കളുടെ വില വർദ്ധന

281 (1338) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ ഓണക്കാലത്ത് സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ പൊതുവിതരണ ശൃംഖലയിലൂടെ സബ്സിഡി നിരക്കിൽ വിതരണം ചെയ്ത സാധനങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ; ഓരോ ഇനത്തിനും ഈടാക്കിയ വില വിവരങ്ങൾ അറിയിക്കാമോ;

(ബി) സബ്സിഡി ഇനത്തിൽ വിതരണം ചെയ്യുന്ന സാധനങ്ങളുടെ വില വർദ്ധിപ്പിക്കുകയുണ്ടായോ; എങ്കിൽ ഓരോ ഇനത്തിനും എന്ത് നിരക്കിലാണ് വിലവർദ്ധനയുണ്ടായിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; വർദ്ധിപ്പിച്ച വിലയും മുൻവർഷത്തെ ഓണക്കാലത്തെ വിലയും തമ്മിലുള്ള അന്തരം എത്രയാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ&ബി) ഇക്കഴിഞ്ഞ ഓണക്കാലത്ത് സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി ഉഴുന്ന് (ബോൾ), വൻപയർ, തുവരപരിപ്പ്, മുളക്, മല്ലി, പഞ്ചസാര, പച്ചരി, മട്ട അരി, ജയ അരി, കുറുവ അരി, വൻകടല, ചെറുപയർ, വെളിച്ചെണ്ണ മുതലായ 13 ഇനം അവശ്യ സാധനങ്ങളാണ് വിതരണം ചെയ്തത്. 2013 ഓണക്കാലവുമായി താരതമ്യം ചെയ്യുമ്പോൾ, 2014 ഓണക്കാലത്ത് അരി, മുളക്, വെളിച്ചെണ്ണ എന്നിവയുടെ സബ്സിഡി വില പുനർനിർണ്ണയിച്ചിരുന്നു. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly